കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ:B2/186/2024-SEC തീയതി: 25-01-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർ
തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,
ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്,
കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025 - ലെ തദ്ദേശ പൊതുതിരഞ്ഞെടുപ്പ് – നിയോജകമണ്ഡല / വാർഡുകളെ പുനർവിഭജിച്ചതും അതിർത്തി നിർണ്ണയിച്ചതും - അവയ്ക്കുള്ള പോളിംഗ് സ്റ്റേഷനുകൾ കണ്ടെത്തി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശം – സംബന്ധിച്ച്.

സൂചന:- സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷന്റെ 18.11.2024 ലെ എസ്.ഡി.സി/100/2024-എസ്.ഡി.സി 7 നമ്പർ കരട് വിജ്ഞാപനം.

2025-ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലുണ്ടായിരുന്ന നിയോജകമണ്ഡല/വാർഡുകളുടെ എണ്ണത്തിൽ വ്യത്യാസം വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതനുസരിച്ച് അവ പുനർവിഭജിച്ചും അപ്രകാരമുള്ള അതിർത്തിനിർണ്ണയിച്ചും സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ സൂചന പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടുകൂടി പുതിയ നിയോജകമണ്ഡലങ്ങളും വാർഡുകളും നിലവിൽ വരുന്നതാണ്.

2025 ൽ നടക്കേണ്ട പൊതുതിരഞ്ഞെടുപ്പിന് അന്തിമ വിജ്ഞാപന പ്രകാരം നിലവിൽ വരുന്ന നിയോജകമണ്ഡല / വാർഡുകൾക്കുവേണ്ടിയുള്ള പോളിംഗ് സ്റ്റേഷനുകൾ കണ്ടെത്തി നിശ്ചയിക്കേണ്ടതുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്/കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 45/101 പ്രകാരം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, തന്റെ അധികാരപരിധിയിലുള്ള ഓരോ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും വേണ്ടത്ര പോളിംഗ് സ്റ്റേഷനുകളും അവ യഥാക്രമം ഏതു പോളിംഗ് പ്രദേശങ്ങൾക്കോ സമ്മതിദായക ഗ്രൂപ്പുകൾക്കോ വേണ്ടിയാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്നും കാണിക്കുന്ന ഒരു ലിസ്റ്റ് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന രീതിയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതും ചുമതലപ്പെടുത്തിയിട്ടുള്ളതും ആകുന്നു.

മേൽ സാഹചര്യത്തിൽ സൂചന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വരുന്ന നിയോജകമണ്ഡല / വാർഡുകൾക്കുവേണ്ടിയുള്ള പോളിംഗ് സ്റ്റേഷനുകൾ ചുവടെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി നിശ്ചയിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാരെ ചുമതലപ്പെടുത്തി അവർ

തയ്യാറാക്കുന്ന പോളിംഗ് സ്റ്റേഷനുകളുടെ ലിസ്റ്റ് വാങ്ങി മാനദണ്ഡങ്ങൾ പ്രകാരമാണോയെന്ന് പരിശോധിച്ച് പ്രസിദ്ധീകരണത്തിനുമുമ്പായി കമ്മീഷന്റെ അംഗീകാരത്തിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

<u>മാനദണ്ഡങ്ങൾ</u>

1. ഒരു പോളിംഗ് സ്റ്റേഷന് കഴിയുന്നിടത്തോളം കുറഞ്ഞത് 20 Sq.M സ്ഥല വിസ്തീർണ്ണം ഉണ്ട് എന്നത് ഉറപ്പാക്കേണ്ടതാണ്.
2. ഒരു വോട്ടർക്ക് തന്റെ താമസസ്ഥലത്തിന് ചുറ്റുമുള്ള 2 കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ ഒരു പോളിംഗ് സ്റ്റേഷൻ ഉറപ്പാക്കേണ്ടതാണ്.
3. ഓരോ നിയോജക മണ്ഡലത്തിന്റെയും / വാർഡിന്റെയും ഭൂപ്രദേശത്തിനുള്ളിൽ അതിന്റെ പോളിംഗ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതാണ്.
4. ഓരോ പഞ്ചായത്ത് നിയോജകമണ്ഡലത്തിനുവേണ്ടി പരമാവധി **1300** വോട്ടർമാർക്ക് ഒരു പോളിംഗ് സ്റ്റേഷൻ എന്ന പരിധിയിലും അതിൽ കവിഞ്ഞു വരുന്ന വോട്ടർമാർക്ക് അടുത്ത ഒന്ന് എന്ന കണക്കിലും അത്രയും എണ്ണം പോളിംഗ് സ്റ്റേഷനുകൾ ഏർപ്പെടുത്തണം.
5. ഓരോ മുനിസിപ്പാലിറ്റി വാർഡിനുവേണ്ടി **1600** വോട്ടർമാർക്ക് ഒരു പോളിംഗ് സ്റ്റേഷൻ എന്ന പരിധിയിലും അതിൽ കവിഞ്ഞു വരുന്ന വോട്ടർമാർക്ക് അടുത്ത ഒന്ന് എന്ന കണക്കിലും അത്രയും എണ്ണം പോളിംഗ് സ്റ്റേഷനുകൾ ഏർപ്പെടുത്തണം.
6. മേൽ പ്രകാരം ഓരോ നിയോജക മണ്ഡലത്തിനും / വാർഡിനും രണ്ടോ അതിലധികമോ പോളിംഗ് സ്റ്റേഷനുകൾ ആവശ്യമായി വരുമ്പോൾ വോട്ടർമാരെ അവരുടെ സൗകര്യം പരിഗണിച്ച് കഴിയുന്നിടത്തോളം തുല്യമായി വിഭജിച്ച അതത് പോളിംഗ് സ്റ്റേഷനുകളിലേയ്ക്ക് ക്രമീകരിക്കേണ്ടതാണ്. അപ്രകാരം ക്രമീകരിക്കുമ്പോൾ ഒരു കുടുംബത്തിലെ (കെട്ടിട നമ്പർ) വോട്ടർമാരെല്ലാം പൂർണ്ണമായും ഒരു പോളിംഗ് സ്റ്റേഷനിലാണ് ഉൾപ്പെട്ടുവരുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. സർക്കാർ/തദ്ദേശസ്ഥാപനങ്ങൾ/പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ കെട്ടിടങ്ങൾ ലഭ്യമാണെങ്കിൽ അവയ്ക്ക് മുൻഗണന നൽകണം.
8. പോളിംഗ് സ്റ്റേഷനുകളിൽ റാമ്പ്, ടോയ് ലെറ്റ്, കുടിവെള്ളം, വൈദ്യുതി, യാത്രാ സൗകര്യങ്ങൾ എന്നിവയുണ്ട് എന്നുറപ്പാക്കേണ്ടതാണ്. ഇല്ലായെങ്കിൽ പോളിംഗ് ദിവസങ്ങളിൽ അവ താല്ക്കാലികമായി ഏർപ്പെടുത്താനുള്ള സൗകര്യം കൂടി ഉറപ്പാക്കണം.
9. പോളിംഗ് സ്റ്റേഷനുകളായി കണ്ടെത്തുന്നവയിൽ ആരാധനാലയങ്ങൾ, പോലീസ് സ്റ്റേഷൻ, ആശുപത്രികൾ (ലെപ്രസി സാനറ്റോറിയം ഒഴികെ) എന്നിവ ഉൾപ്പെടുന്നതല്ല എന്നുറപ്പാക്കണം.
10. നിർദ്ദിഷ്ട നിയോജകമണ്ഡലത്തിന് / വാർഡിനുവേണ്ട പോളിംഗ്സ്റ്റേഷനുതകുന്ന പൊതു /സ്വകാര്യ കെട്ടിടങ്ങൾ ഒന്നും തന്നെ അവിടെ ലഭ്യമല്ല എന്നുറപ്പാക്കി മാത്രമേ അതിന്റെ ഭൂപ്രദേശത്തിനു പുറത്ത് പോളിംഗ് സ്റ്റേഷൻ ഏർപ്പെടുത്താൻ പാടുള്ളൂ.
11. നിലവിലുള്ള പോളിംഗ് സ്റ്റേഷനുകളെ അതിനനുയോജ്യമായ നിയോജകമണ്ഡലങ്ങളിൽ /വാർഡുകളിൽ നിലനിർത്താവുന്നതാണ്.
12. തദ്ദേശസ്ഥാപനതലത്തിൽ രാഷ്ട്രീയ കക്ഷികളുടെ സംയുക്തയോഗം വിളിച്ച ചേർത്ത് പോളിംഗ് സ്റ്റേഷനുകളുടെ പട്ടികയ്ക്ക് അംഗീകാരം നേടിയെടുക്കേണ്ടതാണ്. ആയതിന്റെ മിനിറ്റ്സ് സൂക്ഷിക്കേണ്ടതാണ്.
13. ബന്ധപ്പെട്ട സെക്രട്ടറിമാർ തങ്ങളുടെ പരിധിയിൽ ഫീൽഡുതല പരിശോധന നടത്തി നടപടിക്രമങ്ങൾ പാലിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ പോളിംഗ് സ്റ്റേഷൻ ലിസ്റ്റ് തയ്യാറാക്കി തങ്ങൾ ഫീൽഡു പരിശോധന നടത്തി തയ്യാറാക്കിയതാണെന്ന

സാക്ഷ്യപത്രം സഹിതം അംഗീകാരത്തിനായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

14. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ജില്ലയിലെ പോളിംഗ് സ്റ്റേഷനുകളുടെ പട്ടിക ഇതേ പ്രൊഫോർമ മാതൃകയിൽ തദ്ദേശസ്ഥാപന തരത്തിന്റെ ക്രമത്തിൽ ക്രോഡീകരിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 25-01-2025 13:19:58

PRAKASH.B.S
SECRETARY

പകർപ്പ് –

1. എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
2. എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (ഉപജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ - റൂറൽ) *(മോണിറ്റർ ചെയ്യുന്നതിനും സമയ ബന്ധിതമായി നടപടികൾ പൂർത്തീകരിക്കുന്നതിനും)*
3. എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും (ഉപജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ - അർബൻ) *(മോണിറ്റർ ചെയ്യുന്നതിനും സമയ ബന്ധിതമായി നടപടികൾ പൂർത്തീകരിക്കുന്നതിനും)*
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ (അറിവിലേക്കായി)
5. എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷൻ ഓഫീസർമാർക്കും സെക്ഷനും
6. കമ്മീഷണറുടെ സി.എ
7. സെക്രട്ടറിയുടെ സി.എ
8. സ്റ്റോക്ക് ഫയൽ